"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ വിവിധ തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ ജോലി നോക്കി വരുന്ന ജീവനക്കാർക്ക് വേതനത്തിൽ 01.04.2025 തീയതി മുതൽ പ്രാബല്യത്തിൽ നിലവിലെ പദ്ധതിയുടെ കാലാവധി തീരും വരെ 10% വർദ്ധനവ് അനുവദിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഡി) വകുപ്പ്**

സ.ഉ.(കൈ) നം.67/2026/LSGD   തീയതി,തിരുവനന്തപുരം, 02-03-2026

---

പരാമർശം:-
1. 09.02.2021 തീയതിയിലെ സ.ഉ(കൈ) 32/2021/LSGD
2. കേരള സംസ്ഥാന എൻ.ആർ.ഇ.ജി. എംപ്ലോയീസ് യൂണിയൻ (സി.ഐ.റ്റി.യു.) സമർപ്പിച്ച 07.07.2025 തീയതിയിലെ 5057/25 നമ്പർ അപേക്ഷ
3. MGNREGS സ്റ്റേറ്റ് മിഷൻ ഡയറക്ടറുടെ 07.08.2025 തീയതിയിലെ NREGA/319/2023-D1 നമ്പർ കത്ത്

**ഉത്തരവ്**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREGS) പ്രകാരം സംസ്ഥാന, ജില്ല, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകളിൽ വിവിധ തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കണമെന്ന പരാമർശം (2) പ്രകാരമുള്ള ആവശ്യം സർക്കാർ പരിഗണിക്കുകയുണ്ടായി. ഇക്കാര്യത്തിൽ MGNREGS മിഷൻ ഡയറക്ടർ പരാമർശം (3) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ ചില തസ്തികകൾക്ക് വലിയ വർദ്ധനവും മറ്റ് ചില തസ്തികകൾക്ക് നാമമാത്ര വർദ്ധനവുമാണ് ശിപാർശ ചെയ്തിരുന്നത്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. MGNREGS-ന് കീഴിലുള്ള കരാർ ജീവനക്കാരുടെ ശമ്പള വർധനവ് പരാമർശം (1) പ്രകാരം 2021 ലാണ് അവസാനമായി നൽകിയിട്ടുള്ളത്. MGNREG പദ്ധതിയുടെ ഭരണ ചെലവ് പരമാവധി അനുവദനീയ അളവ് 6% എന്നതാണെങ്കിലും മുൻ വർഷങ്ങളിൽ 4% ൽ അധികരിച്ചിട്ടില്ല. നിലവിലെ പദ്ധതി പ്രകാരം 100% ഭരണ ചെലവും കേന്ദ്ര പദ്ധതി വിഹിതത്തിൽ നിന്നായതിനാൽ സംസ്ഥാനത്തിന് അധിക സാമ്പത്തിക ബാധ്യതയുണ്ടാവുകയില്ല. ഇക്കാര്യങ്ങൾ പരിഗണിക്കുമ്പോൾ ശമ്പള വർധനവ് അനുവദിക്കാമെന്നും എല്ലാ തസ്തികകളിലും ഒരേ പോലെയുള്ള വർദ്ധനവ് നൽകുന്നതാണ് ഉചിതമെന്നും നിലവിലെ MGNREGS-ന് പകരം VB-G RAM (G) എന്ന പേരിൽ പുതിയ പദ്ധതി കേന്ദ്ര സർക്കാർ രൂപപ്പെടുത്തിയിട്ടുണ്ട് എന്നതിനാൽ

വേതന വർധനവ് നിലവിലെ പദ്ധതിയുടെ കാലാവധി വരെ മാത്രമായി നിജപ്പെടുത്താമെന്നും സർക്കാർ നിരീക്ഷിക്കുകയുണ്ടായി.

**3.** മേൽ വിവരിച്ച സാഹചര്യത്തിൽ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ സംസ്ഥാന മിഷനിലും, ജില്ല/ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകളിലും വിവിധ തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള എല്ലാ ജീവനക്കാരുടെയും വേതനത്തിൽ **01.04.2025** തീയതി മുതൽ പ്രാബല്യത്തിൽ, നിലവിലെ പദ്ധതിയുടെ കാലാവധി തീരും വരെ, **10%** വർദ്ധനവ് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
മിഷൻ ഡയറക്ടർ, **MGNREGS** സ്റ്റേറ്റ് മിഷൻ, തിരുവനന്തപുരം
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് /സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് /സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
ധനകാര്യ വകുപ്പ് (**Dev.1/44/2024-Fin** പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പ്
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ജനറൽ) വകുപ്പ്
ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
വെബ് ആൻഡ് ന്യൂ മീഡിയ (ഐ.&പി.ആർ.ഡി.)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Nisam N
Date: 02-03-2026 15:12:16
സെക്ഷൻ ഓഫീസർ

പകർപ്പ് :ബഹു. മുഖ്യ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്